## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2093 — 16.08.2017-ൽ മറുപടിയ്ക്ക്

**ഭാഗ്യക്കുറി വിൽപ്പന രംഗത്ത് ഉണ്ടായ മാറ്റങ്ങൾ**

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.റ്റി. നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഭാഗ്യക്കുറിവിൽപ്പന രംഗത്ത് ഉണ്ടായ കാതലായ മാറ്റങ്ങൾ വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ ജി.എസ്.റ്റി. നടപ്പിലാക്കിയതിന്റെ ഭാഗമായി കേരള സംസ്ഥാന ഭാഗ്യക്കുറികൾക്ക് 01.07.2017 മുതൽ 12% ജി.എസ്.റ്റി. ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 01.07.2017 മുതൽ 14.07.2017 വരെയുള്ള പ്രതിവാര ഭാഗ്യക്കുറി നറുക്കെടുപ്പുകൾക്കും 19.07.2017-ലെ മൺസൂൺ ബമ്പർ ഭാഗ്യക്കുറിയ്ക്കും 6% ജി.എസ്.റ്റി. തുക മാത്രം ഏജൻറുമാരിൽ നിന്ന് ഈടാക്കിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്. ജി.എസ്.റ്റി. ഈടാക്കിത്തുടങ്ങിയ ഘട്ടത്തിൽ ടിക്കറ്റ് വിൽപ്പനയിൽ ചെറിയ കുറവുണ്ടായെങ്കിലും ഏജൻറുമാരുടെ ആശങ്കകൾ ദൂരീകരിക്കാൻ സാധിച്ചതുവഴി പിന്നീട് വിൽപ്പന പൂർവ്വസ്ഥിതിയിലായിട്ടുണ്ട്. |
| (ബി) | ജി.എസ്.റ്റി. ഭാഗ്യക്കുറിവിൽപ്പന രംഗത്തുണ്ടാക്കിയ ഗുണദോഷഫലങ്ങൾ വിശദീകരിക്കാമോ; | (ബി) | ജി.എസ്.റ്റി. നടപ്പിലായതോടെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന Tax on Paper Lotteries Act അസാധുവായി. ഈ നിയമത്തിന്റെ അടിസ്ഥാനത്തിലുണ്ടായിരുന്ന ചില അധികാരങ്ങൾ ഇതുമൂലം ഇല്ലാതായി. എന്നാൽ എസ്.ജി.എസ്.ടി നിയമത്തിലും ചട്ടങ്ങളിലും ലോട്ടറി സംബന്ധിച്ച കർശന വ്യവസ്ഥകൾ ചേർത്ത് ലോട്ടറികൾ നിയമത്തിനും ചട്ടത്തിനും അനുസരിച്ച് മാത്രമേ നടത്തുവാൻ കഴിയൂ എന്ന കാര്യം ഉറപ്പുവരുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 12 ശതമാനവും സർക്കാർ അംഗീകൃത ലോട്ടറികൾക്ക് |

| | | | |
|---|---|---|---|
| | | | 28 ശതമാനവുമാണ് ജി.എസ്.റ്റി. നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. 28% ജി.എസ്.റ്റി. ഏർപ്പെടുത്തിയത് അന്യസംസ്ഥാന ഭാഗ്യക്കുറികളുടെ നിർബാധമുള്ള കടന്നുവരവിന് സഹായകമാവുന്നതല്ല എന്നുള്ളതാണ് ഗുണകരമായിട്ടുള്ളത്. |
| (സി) | വാറ്റ് നികുതി ഘടനയിലെയും ജി.എസ്.റ്റി. നികുതി ഘടനയിലെയും കേരള സംസ്ഥാന ഭാഗ്യക്കുറി വിൽപ്പനരംഗത്തെ താരതമ്യം വിശദീകരിക്കുമോ? | (സി) | കേരള സംസ്ഥാന ഭാഗ്യക്കുറികൾക്ക് വാറ്റ് നികുതി ഘടന നിലവിലില്ലാതിരുന്നതിനാൽ ഇവ തമ്മിലുള്ള താരതമ്യം സാധ്യമാകുന്നതല്ല. |

**സെക്ഷൻ ഓഫീസർ.**